ഭക്ഷ്യ സംസ്കരണ മിഷൻ

11 (*341) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയുടെ നേതൃത്വത്തിന് ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ ഉള്ള കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യ വർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉല്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഭക്ഷ്യ ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 %-വും സംസ്ഥാന വിഹിതം 25% വുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP) നായി 2012-13-ൽ 3.54 കോടി രൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടിരൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്ര വിഹിതമായി 2.22 കോടി രൂപ കേരളത്തിന് ലഭിച്ചു. 2014-15-ൽ ആദ്യ ഗഡുവായി കേന്ദ്ര വിഹിതമായി 36.14 ലക്ഷം രൂപ കേരളത്തിന് ലഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുസരിച്ച് ഗുണഭോക്താക്കളുടെ പക്കൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ National Mission on Food Processing മാനദണ്ഡ പ്രകാരം അനുയോജ്യരായ ഗുണഭോക്താക്കൾക്ക് കിൻഫ്ര മുഖാന്തരം നാളിതുവരെ നൽകിയിട്ടുള്ള ധന സഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള 18 യൂണിറ്റുകൾക്ക് 615 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
2. മാനവവിഭവശേഷി വികസനത്തിനുള്ള പദ്ധതിയുടെ കീഴിൽ വരുന്ന വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി പ്രകാരം 24 പരിപാടികൾക്ക് 27 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
3. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതിയുടെ കീഴിൽ 65 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

ഇതു കൂടാതെ സംസ്ഥാന ഭക്ഷ്യ സംസ്കരണമിഷൻ ഗുണഭോക്താക്കൾക്ക് നൽകാൻ 2.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

റെയിൽവേ വികസന പദ്ധതികൾ

12(*342) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റെയിൽവേ സംസ്ഥാനത്ത് പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും യഥാസമയം ഇടപെടുന്നതിനും നിലവിലുള്ള സംവിധാനം എത്രത്തോളം പര്യാപ്തമാണ് ?

LIBRARY ARCHIVES Kerala Legislative Assembly